# കേരള സംസ്ഥാന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

ജവഹർ സഹകരണ ഭവൻ,ഡി.പി.ഐ.ജംഗ്ഷൻ

തൈക്കാട്.പി.ഒ,ജഗതി, തിരുവനന്തപുരം – 695014

Website: www.keralacseb.kerala.gov.in, Email: info.cseb@kerala.gov.in

Phone: 0471- 2468690, 2468670


No. CSEB/ EG&P/372/2024

തിരുവനന്തപുരം

തീയതി:21-03-2025

പ്രേക്ഷിതൻ

സെക്രട്ടറി
സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്
തിരുവനന്തപുരം

സ്വീകർത്താവ്

സർ,

വിഷയം: സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് - ജൂനിയർ ക്ലാർക്ക് തസ്തികയിലെ (3/2024) റാങ്ക്പട്ടികയിൽ ഉൾപ്പെട്ടവർക്കുള്ള Induction training നടത്തുന്നത് സംബന്ധിച്ച്.

വിവിധ സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നടത്തിയ മത്സരപരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കി റാങ്ക് പട്ടികയിൽ ഉൾപ്പെട്ട താങ്കളെ ഹാർദ്ദമായി അഭിനന്ദിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സഹകരണ സർവ്വീസിൽ പുതുതായി നിയമനം ലഭിക്കുന്നവർക്ക് Induction training നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരം ഇപ്പോൾ പ്രസിദ്ധീകരിച്ച **റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കായുള്ള ട്രെയിനിംഗ് 2025 ഏപ്രിൽ 3,4,5,6 തീയതികളിലായി തിരുവനന്തപുരത്ത് സംഘടിപ്പിച്ചിട്ടുണ്ട്. പരിശീലനപരിപാടിയുടെ ഉദ്ഘാടനം 03-04-2025 -ന് രാവിലെ 8.30 മണിയ്ക്ക് നിർവഹിക്കുന്നതാണ്.** ട്രെയിനികൾക്ക് **3,4,5,6** തീയതികളിൽ താമസ സൗകര്യം, ഭക്ഷണം എന്നിവ ട്രെയിനിംഗ് സെന്ററുകളുമായി ബന്ധപ്പെടുത്തി ഏർപ്പാടാക്കിയിട്ടുണ്ട്. പരിശീലനപരിപാടിക്കായി രജിസ്ട്രേഷൻ, താമസം, ഭക്ഷണം എന്നിവ ഉൾപ്പെടെ ഉദ്യോഗാർത്ഥി വഹിക്കേണ്ട നാല് ദിവസത്തെ ആകെ ചിലവ് ഏകദേശം **3500/-**(മൂവായിരത്തി അഞ്ഞൂറ്)രൂപയാണ്. പരിശീലനവുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ, പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് വിതരണം ചെയ്യുന്നതാണ്. റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾക്ക് അനുസൃതമായി, അർഹതപ്പെട്ടവർക്കുള്ള നിയമന ശുപാർശകളും പരിശീലന പരിപാടിയുടെ ഭാഗമായി നേരിട്ട് നൽകുന്നതായിരിക്കും. തുടർന്ന് നിയമന ശുപാർശ നൽകുന്ന ഉദ്യോഗാർത്ഥിയ്ക്ക് ബന്ധപ്പെട്ട ബാങ്കിൽ നിന്നും നിയമന ഉത്തരവും അയച്ചു നൽകുന്നതാണ്.

കൂടാതെ പരീക്ഷാബോർഡ് മുൻപ് നടത്തിയിട്ടുള്ള ഇൻഡക്ഷൻ ട്രയിനിങ്ങുകളിൽ പങ്കെടുക്കുവാൻ കഴിയാത്ത റാങ്ക്ഹോൾഡർമാർക്ക് കൂടി ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നതിനായി 03-04-2025 വ്യാഴാഴ്ച രാവിലെ കൃത്യം 8.00 മണിയ്ക്ക് തിരുവനന്തപുരത്ത് സഹകരണ ജവഹർ ഭവനിലെ (ഡി.പി.ഐ ജംഗ്ഷൻ,ജഗതി) കോൺഫറൻസ് ഹാളിൽ താങ്കൾ റിപ്പോർട്ട് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കി കൗൺസിലിങ്ങിൽ പങ്കെടുക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് സംബന്ധിച്ച് കൺഫർമേഷൻ 29-03-2025, 5 P.M ന് മുമ്പായി ഉറപ്പുവരുത്തി info.cseb@kerala.gov.in എന്ന Mail id-യിൽ, രേഖാമൂലം നൽകേണ്ടതാണ്.

ഇൻഡക്ഷൻ ട്രയിനിങ്ങിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ സർക്കാർ അംഗീകരിച്ച ഒരു തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സെക്രട്ടറി
സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്
തിരുവനന്തപുരം